# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM14 /1984/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM14 /1984/2023 തീയ്യതി: 06/10/2023

## മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2022 മുതൽ 08-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2023 | 19-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2023 | 19-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുന്നാസർ.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.ആലസ്സൻ കുട്ടി, സീനിയർ ഗ്രേഡ് ഓഡിററർ
ശ്രീമതി.ലത.ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹസീന.സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.യു.എം.ഹംസ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രമേശ്.പി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ഭാസ്കരൻ പുളിക്കാനി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ജംഷീദ്.കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| നിഖിൽ.ജെ.കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലുബ്ന.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 30-05-2022 |
| ശ്രീമതി.മുബീന.എം.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-06-2022 | 31-03-2023 |
| ഡോ.ജിഷ നഹർ മുസ്തഫ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 18-06-2022 |
| ഡോ.ശശികല | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 19-06-2022 | 31-03-2023 |
| ഡോ.സാജിത.പി.എം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ദിവ്യ.കെ.രാജ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 17-06-2022 |
| ഡോ.നഫ്ല.പി.എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 18-06-2022 | 31-03-2023 |
| ശ്രീമതി.നസീമ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 07-07-2022 |
| ശ്രീ.ബിനു സുധാകർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-07-2022 | 31-03-2023 |
| ശ്രീ.അബ്ദു സലാം | ഹെഡ്മാസ്റ്റർ | 01-04-2022 | 24-05-2022 |
| ശ്രീ.മുഹമ്മദ്.ഒ | ഹെഡ്മാസ്റ്റർ | 25-05-2022 | 31-03-2023 |
| ശ്രീ.മനോജ്.വി | വി.ഇ.ഒ,കണ്ണമംഗലം സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ.മനോജ്.വി | വി.ഇ.ഒ,ചേറൂർ സർക്കിൾ(ചാർജ്ജ്) | 01-04-2022 | 23-08-2022 |
| ശ്രീ.ശരത്.കെ.ആർ | വി.ഇ.ഒ,ചേറൂർ സർക്കിൾ | 24-08-2022 | 19-01-2023 |
| ശ്രീ.മനോജ്.വി | വി.ഇ.ഒ,ചേറൂർ സർക്കിൾ(ചാർജ്ജ്) | 20-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമല്ല | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ആസ്തികൾക്ക് ഡിപ്രീസിയേഷൻ- കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-1-5 |
| 7 | മുന്നിരിപ്പ് വ്യത്യാസം | 1-1-6 |
| 8 | ഓഡിറ്റ് റിക്കവറി രജിസ്റ്റർ-AFSമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം. | 1-3 |
| 11 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 12 | വാർഷിക കണക്ക്, എ.സി.ആർ, ഗ്രാന്റ് വിനിയോഗ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-4-1 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 20 | നിക്ഷേപ പ്രവൃത്തികൾ- അവലോകനം | 1-12 |
| 21 | എസ്.എസ്.കെ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-13 |
| 22 | ഫർണ്ണിച്ചർ വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-14 |
| 23 | സ്കോളർഷിപ്പ് അധികം നൽകി | 1-15 |
| 24 | ടേക് എ ബ്രേക്ക് -കുഴൽ കിണർ പമ്പിംഗ് സ്കീം ആരംഭിച്ചില്ല. | 1-16 |
| 25 | വിവിധ സ്ഥാപനങ്ങളിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല | 1-17 |
| 26 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-18 |
| 27 | പരിരക്ഷാ പദ്ധതിയിലെ അപാകതകൾ | 1-19 |
| 28 | പ്രതിരോധ കുത്തിവെപ്പിന് വാഹനം -ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-20 |
| 29 | പൊതു ടാപ്പുകളിലെ വെള്ളക്കരം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-21 |
| 30 | ജി.എസ്.ടി. അധിക നിരക്കിൽ നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നു.തുക തിരിച്ചടവാക്കി | 1-22 |
| 31 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് | 1-23 |

| | | |
|---|---|---|
| | ചെയ്തിട്ടില്ല. | |
| 32 | അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത | 1-24 |
| 33 | അസി. എഞ്ചിനീയറുടെ ട്രഷറി ടി.എസ്.ബി .അക്കൗണ്ടിലെ പണം സർക്കാർ വീണ്ടെടുത്തു. | 1-25 |
| 34 | ഭാഗികമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് മൂലം കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം വരുന്നു. | 1-26 |
| 35 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല -6207 രൂപ തിരിച്ചടവാക്കി | 1-27 |
| 36 | എം.സി.എഫ്. നിർമ്മാണം പാതി വഴിയിൽ- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-28 |
| 37 | ടേക്ക്.എ. ബ്രേക്ക് ടോയ്‌ലറ്റ്- പൊതു ജനത്തിന് പ്രയോജനപ്പെടുന്നില്ല. | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സ്കോളർഷിപ്പ് അധികം നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് കണ്ണമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.07.2023 ലെ 1(1) തീരുമാന പ്രകാരം തയ്യാറാക്കി 04.08.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കണ്ണമംഗലം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 06-10-2023

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും(13457940 ) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (7406743) തുല്യമല്ല.

### 1-1-5 ആസ്തികൾക്ക് ഡിപ്രീസിയേഷൻ- കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ (I-17(a)) തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

### 1-1-6 മുന്നിരിപ്പ് വ്യത്യാസം

മുൻ വർഷ (2021-22)വാർഷിക കണക്ക് (RP-40B Schedule ) പ്രകാരമുള്ള ബാങ്ക് &ക്യാഷ് നീക്കിയിപ്പ് 28900287.95 ആണ്.എന്നാൽ

2022-23 വാർഷിക കണക്ക് (RP-40A Schedule ) പ്രകാരമുള്ള മുന്നിരിപ്പ് 28900293 ആണ്, വ്യത്യാസം- 5.05 രൂപ

### 1-1-7 ഓഡിറ്റ് റിക്കവറി രജിസ്റ്റർ-AFSമായി പൊരുത്തപ്പെടുന്നില്ല

AFS (RPID) പ്രകാരം 1375/-രൂപയാണ് വരവ് എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഇത് 6375/- ആണ്.

### 1-2 ബജറ്റ്

| ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 15-03-2022 | 2/1 തീയതി. 15-03-2023 |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 28900293 |
| വരവ് | 234863276 |
| ആകെ | 263763569 |
| ചെലവ് | 221405336 |
| നീക്കിയിരിപ്പ് | 42358233 |

കുറിപ്പ്:- ആകെ വരവ് RP+ACR ചെലവ് +B Fund+EFMS വരവ് എന്നിവ ചേർന്നതാണ്.

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 30718002 | 30718002 | 29211591 | 1506411 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7361931 | 7361931 | 7361931 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9015000 | 9015000 | 3416796 | 5598204 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6490000 | 6490000 | 5422620 | 1067380 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | 0 | 4850291 | 4850291 | 2105514 | 2744777 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 7963118 | 7963118 | 1126020 | 6837098 |
| ബി ഫണ്ട് | 0 | 50362900 | 50362900 | 50362900 | 0 |

### 1-4-1 വാർഷിക കണക്ക്, എ.സി.ആർ, ഗ്രാന്റ് വിനിയോഗ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ വാർഷിക കണക്ക്, എ.സി.ആർ, ഗ്രാന്റ് വിനിയോഗ പത്രിക എന്നിവ പ്രകാരമുള്ള വരവ് ചെലവുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ

| ഇനം | വാർഷിക കണക്ക് പ്രകാരം | എ.സി.ആർ പ്രകാരം | ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 31118628 | 29211591 | 31118628 |
| വികസനഫണ്ട് (എസ്.സി.പി) | 9048179 | 7361931 | 9048179 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 3264546 | 3416796 | 3264546 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2022-23 | 240 | 178968942 | 132 | 92334072 | 0 | 108 | 51.59 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2047 | 986232 | 988279 | 985691 | 2588 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17590068 | 17590068 | 17590068 | 0 |

ആകെ 18575759

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1689600 | 143 |
| വിധവാപെൻഷൻ | 15067600 | 1453 |
| വാർദ്ധക്യകാലപെൻഷൻ | 27758900 | 2488 |
| വികലാംഗപെൻഷൻ | 5297400 | 474 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 279400 | 28 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2023 ന് 11.00 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37238/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽ പ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, ഭരണ സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2. നികുതി വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും നികുതി പുരോഗതി വിലയിരുത്തുന്ന കാര്യത്തിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ട്രഡേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച് ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.
3. വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ നിയമപരമായ ചുമതല നിർവ്വഹിക്കുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല.
4. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം/ ലൊക്കേഷൻ എന്നിവ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| എ.ജി ഓഡിറ്റ് | 17.08.2017 മുതൽ 29.08.2017 വരെ | 2012-13 മുതൽ 2016-17 വരെ | 10.10.2017 |
| പെർഫോമൻസ് ഓഡിറ്റ് | 12.12.2022 | 11/2022 | 12.12.22 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം-കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 2022-23 വർഷത്തെ യോഗ മിനിറ്റ്സുകൾ പരിശോധിച്ചതിൽ 18 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ച കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവ മാത്രമാണ് അജണ്ടയായി ഉൾപ്പെടുത്തി ചർച്ച നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. 22-23 വർഷത്തെ വസ്തു നികുതി 100% പിരിക്കുന്നതിനു വേണ്ടി നികുതി പിരിവ് ക്യാമ്പുകൾ 17.9.22മുതൽ 07.10.22വരെ 13.2.23 മുതൽ 28.2.23 വരെ സംഘടിപ്പിച്ചിട്ടുണ്ട്.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണമംഗലം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) പഞ്ചായത്ത് ഭരണസമിതിയുടെ 9.05.23ലെ 2(1) നമ്പർ തീരുമാന പ്രകാരം 27.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). മേൽ തീരുമാന പ്രകാരം തന്നെ മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസും (കരട്) പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള തരംതിരിവിലും_പരിഗണിച്ചിട്ടില്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് തയ്യാറാക്കിയതിന്റെയോ ആയത് പരിശോധിച്ചതിന്റെ യോ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് ഭരണസമിതി 08/08/2023 ന് അംഗീകരിച്ചിട്ടുണ്ടെങ്കിലും പുറപ്പെടുവിച്ചിട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1149 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് 8 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി വരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവവന ഉപ നികുതി ചുമത്താവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തുന്നില്ല. വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ , ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതിയുടെ തീരുമാനത്തോടെ നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). 2022-23 വർഷത്തേക്കുള്ള റിവൈസ്ഡ് ബജറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ 16,00,000 രൂപ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ AFS പ്രകാരം 1799180- രൂപയുടെ വരവ് ലഭ്യമായിട്ടുണ്ട്. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

2). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

4). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

മറ്റിനങ്ങൾ

1.ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത ഫീസ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.വിനോദ നികുതി ഇനങ്ങളിൽ നിലവിൽ വരവൊന്നും ഇല്ല. അമ്യൂസ്മെന്റ് പാർക്ക്/ടർഫ് കോർട്ടുകൾ/ഇൻഡോർ സ്റ്റേഡിയങ്ങൾ പോലെയുള്ളതിൽ (ഗ്രാമപഞ്ചായത്ത് പരിധിയിൽ 1 -ാം വാർഡിൽ ഡ്രീം-വാല്യൂ എന്ന അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിക്കുന്നുണ്ട്) നിന്നും വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിന് വിധേയമായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്താവുന്നതാണ്.

3.പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. പഞ്ചായത്ത് സ്റ്റേഡിയത്തിൽ നിർമ്മാണം പൂർത്തീകരിച്ച ടർഫ് കോർട്ടുകൾ, ടേക്ക്.എ.ബ്രേക്ക് ടോയ്‌ലറ്റ് എന്നിവ വാടകക്ക് നൽകി അവയിൽ നിന്നും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്താവുന്നതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികൾ- അവലോകനം

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ -1/10.8.2023] നൽകുകയും, ആയതിന് സ്ഥാപനം 18.8.2023 ന് ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | പ്രൊജക്റ്റ് നം | പ്രോജക്റ്റ് | നിർവ്വഹണോദ്യോഗസ്ഥൻ | ഏജൻസി | മുൻകൂർ നൽകിയ തുക/ഫണ്ട് ഇനം | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം / മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്നു |
|---|---|---|---|---|---|---|---|---|
| 1 | 2021-22 | 175/22 | വിവിധ വാർഡുകളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - രണ്ടാം ഘട്ടം | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 3310000 Development Fund(CFC Tied Grant ) | 2814647 | ബാക്കി 495353 രൂപ 9-6-2023 ന് ഗ്രാമ പഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ട്. |
| 2 | 2021-22 | 165/22 | പഞ്ചായത്ത് ഓഫീസിൽ സോളാർ സിസ്റ്റം | SEC (GP) | അനർട്ട് | 713735 Development Fund(CFC Basic Grant ) - | 713735 | 0 |
| 3 | 2021-22 | 273/22 | ടേക് എ ബ്രേക്ക് പദ്ധതി കുഴൽകിണറും മോട്ടോറും സ്ഥാപിക്കൽ | SEC (GP) | ഭൂജല വകുപ്പ് | 71177 Development Fund(CFC Tied Grant ) - | 71177 | 0 |
| 4 | 2020-21 | 29/21 | വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 4200000 Development Fund(CFC Tied Grant ) - | 39,92,465 | ബാക്കി 207535 രൂപ 30.3.2022 ന് ഗ്രാമ പഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ട്. |
| 5 | 2020-21 | 246/21 | കണ്ണമംഗലം പിഎച്ച്സി ക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | SEC (GP) | ഭൂജല വകുപ്പ് | 100000 Development Fund(CFC Basic Grant ) - 79590 , Own Fund - 20410 | 100000 | 0 |
| 6 | 2020-21 | 292/21 | കണ്ണമംഗലം ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 14000000 (നഗര സഞ്ചയം പദ്ധതി - മലപ്പുറം നഗരസഭ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | - |
| 7 | 2019-20 | 247/20 | കണ്ണമംഗലം പിഎച്ച്സി ക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | SEC (GP) | ഭൂജല വകുപ്പ് | 48800 Development Fund(CFC Basic Grant ) - | 48800 | 0 |
| 8 | 2018-19 | 59/19 | കെ ടി പാറ അംഗൻവാടിക്ക് കുഴൽ കിണർ | SEC (GP) | ഭൂജല വകുപ്പ് | 91000 Development Fund(CFC | 91000 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | നിർമാണവും മോട്ടോർ സ്ഥാപിക്കലും | | | Basic Grant ) - | | |
| 9 | 2016-17 | 185/17 | ചുടലപ്പാറ വെട്ടുതോട് -കോട്ടമാട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | AE(LSGD) | കേരളാ വാട്ടർ അതോറിറ്റി | 300000 Development Fund(CFC Basic Grant ) - 130000 , Own Fund - 270000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | - |
| 10 | 2015-16 | 144/16 | എസ് സി കോളനികളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകൾക്ക് ഹാൻറ് പമ്പ് സ്ഥാപിക്കൽ | AE(LSGD) | ഭൂജല വകുപ്പ് | 189168 Development Fund(S.C.P) - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | - |
| 11 | 2015-16 | 145/16 | കുഴൽകിണർ നിർമ്മാണം (എസ് റ്റി) | AE(LSGD) | ഭൂജല വകുപ്പ് | 44730 Own Fund | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | - |
| 12 | 2014-15 | 151/15 | ചണ്ണ എസ് സി കോളനി പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള അധികതുക | AE(LSGD) | കേരളാ വാട്ടർ അതോറിറ്റി | 20000 Own Fund | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | - |
| 13 | 2013-14 | 91/14 | ചണ്ണ എസ് സി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | AE(LSGD) | കേരളാ വാട്ടർ അതോറിറ്റി | 200000 Development Fund(S.C.P) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | - |
| 14 | 2013-14 | 179/14 | പട്ടികജാതി കോളനികളിൽ കുഴൽകിണർ നിർമ്മാണം | AE(LSGD) | ഭൂജല വകുപ്പ് | 573810 Development Fund(S.C.P) - 551060 , Own Fund - 22750 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | - |

മേൽ പ്രവൃത്തികളിലായി 1,53,27,708 രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വിവിധ ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. കേരള ജല അതോറിറ്റി തിരികെ നൽകിയ സി.എഫ്.സി. വിഹിതം 7,02,888 രൂപ (495353+207535) സർക്കാരിലേക്ക് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 എസ്.എസ്.കെ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് പ്രകാരം ₹ 1600000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്. ബിൽ നമ്പർ-78/30-12-2022-വികസന ഫണ്ട് ജനറൽ

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022 ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ നൽകുന്നു

1. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)
2. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി

നല്കണം. ( ഖ 8.6.4)

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- പ്രൊജക്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/22-23/16.08.2023)ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി എസ്.എസ്.കെ ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹16,00,000 തടസ്സം ചെയ്യുന്നു.

## 1-14 ഫർണ്ണിച്ചർ വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് -129/23 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ- 400000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 399996/-(ബിൽ നമ്പർ-244 /06.03.23)

പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ ആർട്ട്ക്കോ, എ.കെ.റോഡ്, മലപ്പുറത്തിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങിയ ഫർണ്ണിച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (Invoice Number-mpm 232 Dtd 06.03.23).

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ(നികുതിയുൾപ്പെടെ) |
|---|---|---|---|
| Steel Cabinet With Locker 4 Fixed Shelves(80x36x19) | 1 | 10100 | 11918 |
| Steel Cabinet 4 Fixedshelves(80x36x19) | 7 | 9200 | 75992 |
| Steel Desk With CR Pipe And Rub Wood Top (180x40x75)with Book Rack | 30 | 4958 | 175513 |
| Steel Cabinet(120x200x50cm)22G.15 Box | 1 | 16800 | 19824 |
| ആകെ | | | 283247 |

2022-23 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർപർചേസ് മാന്വൽപ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 ൽ വ്യക്തമാക്കിയിട്ടുണ്ട്. ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങുന്ന ഉപകരണങ്ങൾ ARTCO സ്വന്തമായി നിർമ്മിച്ചതാണെന്നും, പുറമേ നിന്ന് വാങ്ങിയതല്ലെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ ARTCOയിൽ നിന്ന് ലഭ്യമാക്കേണ്ടതാണെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾക്ക് ഇത്തരത്തിൽ ഒരു സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

മേൽ പട്ടികയിൽ ഉൾപ്പെട്ട ഫർണ്ണിച്ചറുകൾ മേൽ ഉത്തരവിന്റെ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-11/2022-23 /16.08.2023 ന് നൽകിയ മറുപടിയിൽ വർക്ക് ഓർഡർ തുകയുടെ 50% അധികരിക്കാത്ത തുകയാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക 50%ൽ അധികരിക്കുന്നതായികാണുന്നു. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഫർണ്ണിച്ചറുകൾ വാങ്ങുമ്പോൾ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-15 സ്കോളർഷിപ്പ് അധികം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (246/23) എന്ന പദ്ധതിക്കായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് .

| ബിൽനമ്പർ | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|
| 147/01.12.2022 | 15,85,000 | വികസന ഫണ്ട് (എസ്.സി.പി) |
| 148/01.12.2022 | 2,95,000 | വികസന ഫണ്ട് (ജനറൽ) |
| 259/15.3.2023 | 1,05,000 | വികസന ഫണ്ട് (എസ്.സി.പി) |
| ആകെ | 19,85,000 | |

എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിദ്യാർത്ഥിക്ക് രണ്ട് തവണ സ്കോളർഷിപ്പ് വിതരണം ചെയ്തതായി കാണുന്നു.

| പേര് | കോഴ്സ് | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|---|
| വൈഷണവ് .പി S/o.സുബ്രഹ്മണ്യൻ അക്കൗണ്ട്നമ്പർ. 40248101042535 | ITI നിലമ്പൂർ | 40,000 (20,000/- ബിൽ നമ്പർ-147/01.12.2022 +20,000/- ബിൽ നമ്പർ – 148/01.12.2022) | 20,000 (സ.ഉ നമ്പർ.115/22 /LSGD/28.5.22 ഖണ്ഡിക.7.2.4) | 20,000 |
| | | | ആകെ | 20,000 |

അധിക തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.13/17.8.23 ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരിച്ചടവാക്കുന്നതാണ് എന്ന് അറിയിച്ചു. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഭാഗം-3ലെ ഖണ്ഡിക 3-1 കാണുക.

## 1-16 ടേക് എ ബ്രേക്ക് -കുഴൽ കിണർ പമ്പിംഗ് സ്കീം ആരംഭിച്ചില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ടേക് എ ബ്രേക്ക് പദ്ധതി കുഴൽ കിണറും മോട്ടോറും സ്ഥാപിക്കൽ എന്ന പദ്ധതി മുഖേന താഴെ പറയും പ്രകാരം ഭൂജല വകുപ്പിന് തുക കൈമാറിയിട്ടുണ്ട്.
ഡെപ്പോസിറ്റ് പ്രവൃത്തി

| പ്രൊജക്റ്റ് നമ്പറും പ്രൊജക്റ്റിന്റെ പേരും | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|
| ടേക് എ ബ്രേക്ക് പദ്ധതി കുഴൽ കിണറും മോട്ടോറും സ്ഥാപിക്കൽ 98/23 | 128293 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 96/14.10.2022 |
| ആകെ | 1,28,293 | |

ഈ പദ്ധതിയമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ 27.9.22 ലെ ജി.എം.1825/21 നമ്പർ കത്തിൽ ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ കുഴൽകിണർ സ്രോതസ്സായി പമ്പിംഗ് സ്കീം ആരംഭിക്കുന്നതിനായി 128293 രൂപ ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ പമ്പിംഗ് ആരംഭിച്ചിട്ടില്ല.

2.ഈ പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമായിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 /2022-23/16.08.23 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. പമ്പിംഗ് ആരംഭിക്കാനവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ആയത് വരെ ചെലവ് തുക 1,28,293 രൂപ തടസ്സം ചെയ്യുന്നു.

## 1-17 വിവിധ സ്ഥാപനങ്ങളിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിവിധ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു വിശദവിവരം ചുവടെ

| ഇനം | വൗച്ചർ നമ്പർ | ചെലവ് തുക | അപാകതകൾ |
|---|---|---|---|
| പുലിക്കോട്ടിൽ ഹൈദർ സ്മാരകാ കലാ പഠന കേന്ദ്രത്തിന് ഗ്രാമ പഞ്ചായത്ത് വിഹിതം(സ.ഉ.(സാധാ)1701/2022 /LSGD/18.7.22 | 22200922/23.3.23 | 10000- | കൈപറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല |
| വേങ്ങര പെർഫോമൻസ് ഓഡിറ്റ് ജൂനിയർ | 22200421/27.9.22 | 30,000 | അനുമതി ഉത്തരവ്, വിനിയോഗ |

| | | | |
|---|---|---|---|
| സൂപ്രണ്ടിന്റെ 14.3.23 ലെ PAU5 48/2021 നമ്പർ കത്ത് പ്രകാരം എ.ഐ.ടി.ടി.ഇ ക്ക് നൽകിയത്. | | | വിവരം എന്നിവ ലഭ്യമല്ല. |
| | ആകെ | 40,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-15/2.8.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് , വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക തടസ്സം ചെയ്യുന്നു.

## 1-18 തെരുവു വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും എന്ന പ്രോജക്ട് നിർവ്വഹണത്തിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നം. | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | കരാറുകാരൻ | ഇൻവോയ്സ് | ചെലവ് തുക | ബിൽനമ്പർ |
|---|---|---|---|---|---|
| 1 | തെരുവ് വിളക്ക് റിപ്പയർ(25/23) | ശ്രീ.വത്സരാജ് | 15/27.3.23(9+9W LED Bulb 1040 Nos X470) | 4,16,150 (CFC Untied) | 376/30.3.23 |
| | | | | 72,650 ( Own Fund) | 22200967 /31.3.23 |
| 2 | തെരുവ് വിളക്ക് പരിപാലനം(97/23) | ശ്രീ. സൈതലവി | 1/11.2.22 (9+9W LED Bulb 907 Nos X540) | 244780 ( Own Fund) | 22200807/ 10.2.23 |
| | | | ആകെ | 7,33,580 | |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ കെ.എസ്.ഇ.ബി. യുടെ പോസ്റ്റുകളിൽ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021 /SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് എജൻസികള്/കരാറുകാർ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

2) 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം(കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

3) ഗവ.ഉത്തരവ് നം.ജി2-44274/2015 തി. 17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintainace Register സെക്രട്ടറി സൂക്ഷിക്കണം. ആയതിന്റെ കൃത്യത ഉറപ്പാക്കണം. ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

4) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽസൂചിപ്പിച്ച പ്രോജക്ടുകൾക്ക് തുക അനുവദിച്ചിട്ടുള്ളത്. ഏതെല്ലാം വാർഡിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപണി നടത്തിയെന്നതിന്റെ വിവരം (പോസ്റ്റ് നം. ഉൾപ്പെടെ) ലഭ്യമല്ല. 20വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ മിക്ക മെമ്പർമാർമാരും പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

5).ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ, വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ് , മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6).ഗ്രാമപഞ്ചായത്തിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 /2022-23/16.08.23 ന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് കെ.എസ്.ഇ.ബിയുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് സഹിതം ഹാജരാക്കേണ്ടതാണ്.

## 1-19 പരിരക്ഷാ പദ്ധതിയിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പരിരക്ഷ പാലിയേറ്റീവ് പരിചരണം (30/23) എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ഫണ്ട് | ചെലവഴിച്ച തുക |
|---|---|
| വികസന ഫണ്ട് | 10,16,459 |
| തനത് ഫണ്ട് | 2,43,295 |
| ആകെ | 12,59,754 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019, പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ മേൽ പ്രകാരം കമ്മിറ്റി രൂപീകരിച്ചെങ്കിലും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണമെന്ന വ്യവസ്ഥയും ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ച് പി.എം.സി.യുടെ അംഗീകാരം വാങ്ങണമെന്ന നിർദേശവും പാലിച്ചിട്ടില്ല. പി.എം.സി മിനുട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ (2022-23) 30.11.2022, 16.3.2023 എന്നീ രണ്ട് ദിവസങ്ങളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് .

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പ്രതിരോധ കുത്തിവെപ്പിന് വാഹനം -ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ രോഗപ്രതിരോധ കുത്തിവെപ്പും ദേശീയ ആരോഗ്യ പരിപാടി ശാക്തീകരണവും(31/23) എന്ന പദ്ധതിയിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ബിൽ നമ്പർ / വൗച്ചർ നമ്പർ | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|
| 44/20.8.22 | 37000 | വികസന ഫണ്ട് |
| 65/17.9.22 | 8800 | വികസന ഫണ്ട് |
| 88/11.10.22 | 10300 | വികസന ഫണ്ട് |
| 128/21.11.22 | 9500 | വികസന ഫണ്ട് |
| 167/14.12.22 | 6900 | വികസന ഫണ്ട് |
| 240/24.2.23 | 16200 | വികസന ഫണ്ട് |
| വൗച്ചർ നം.22200925/24.3.2023- 6000 രൂപ<br>വൗച്ചർ നം 22200940/30.3.2023- 7000 രൂപ | 13000 | തനത് ഫണ്ട് |
| ആകെ | 101700 | |

എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകളുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിന് വാഹനത്തിൽ വാക്സിൻ വിതരണം ചെയ്യുന്നതിനായി 16.3.23 ലെ 58/2023 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം വാഹനം ക്വട്ടേഷൻ ക്ഷണിച്ച വാടകക്ക് എടുത്തിട്ടുണ്ട്. എന്നാൽ മതിയായ കാരണം രേഖപ്പെടുത്താതെ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ദിവസ വാടക (ദിവസത്തിന് 1100,ശ്രീ.വിജേഷ് കെ.പി) നിരസിച്ച് ദിവസത്തിന് 1200 ക്വാട്ട് ചെയ്ത ശ്രീ. കൃഷ്ണൻ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നു. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.6/14.8.23 ന് മറുപടി നൽകിയിട്ടില്ല.
കുറഞ്ഞ തുക ക്വാട്ട് ചെയ്ത ക്വട്ടേഷൻ അംഗീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 പൊതു ടാപ്പുകളിലെ വെള്ളക്കരം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

പൊതു ടാപ്പുകളിലെ വെള്ളക്കരം അടവാക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം സെക്രട്ടറി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നം. | വൗച്ചർ നമ്പർ | ചെലവ് തുക |
|---|---|---|
| 1 | 22200051/18.4.22 | 7235 |
| 2 | 22200113/30.5.22 | 7235 |
| 3 | 22200178/17.6.22 | 7235 |
| 4 | 22200242/15.7.22 | 7235 |
| 5 | 22200322/16.8.22 | 7235 |

| | | |
|---|---|---|
| 6 | 22200402/22.9.22 | 7235 |
| 7 | 22200509/26.10.22 | 7235 |
| 8 | 22200568/17.11.22 | 7235 |
| 9 | 22200657/19.12.22 | 7235 |
| 10 | 22200741/18.1.23 | 7235 |
| 11 | 22200825/28.2.23 | 18,199 |
| 12 | 22200919/23.3.23 | 18,199 |
| | ആകെ | 108748 |

ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സഉ(സാ.ധാ)1275/2009/ത.സ്വ.ഭ.വ തിയതി30.6.2009പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കേരള ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് 26.6.23 ലെ 9 (1) നമ്പർ തീരുമാനപ്രകാരം സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2) ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 15 പൊതു ടാപ്പുകൾക്കാണ് നിലവിൽ വെള്ളക്കരം അടവാക്കുന്നത്.എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ആകെ ടാപ്പുകളുടെ എണ്ണം, ജലം ലഭ്യമായ ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം ലഭ്യമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/2022-23/19.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
സംയക്ത പരിശോധന നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ജി.എസ്.ടി. അധിക നിരക്കിൽ നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നു.തുക തിരിച്ചടവാക്കി

18.7.2022 ന് മുമ്പ് പൂർത്തീകരിക്കേണ്ടതായ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ കരാർ കാലയളവിൽ പൂർത്തീകരിക്കാത്തതിനാൽ ബിൽ തുക നൽകാനായത് 18.7.22 ന് ശേഷമായതിനാൽ 18 ശതമാനം ജി.എസ്.ടി. പ്രവൃത്തി മൂല്യത്തിനോടോപ്പം കൂട്ടി നൽകേണ്ടി വന്നു. ഇക്കാരണത്താൽ ജി.എസ്.ടി. യിനത്തിൽ 6 ശതമാനം അധികച്ചെലവ് വരാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ജി.എസ്.ടി. ഇനത്തിൽ അധികച്ചെലവ് വന്ന തുക (6 ശതമാനം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | മുട്ടംപുറംഅരീക്കാട്ട് വളപ്പ് റോഡ് റീടാറിംഗ് (83/23)<br>അടങ്കൽ-150000<br>ടി.എസ്. 150000<br>Price ID-2021/17382<br>കരാറുകാരൻ. ശ്രീ. ബുർആനൽ ഹഖ്. കെ.എ.<br>പി.എ.സി-149981<br>എഗ്രിമെന്റ് നം.18/AE /LSGD/KNM/21-22 /21.12.2021<br>ബിൽ നം. 25/25.3.2023, 150000 രൂപ<br>സൈറ്റ് ഏറ്റെടുത്തത് -21.12.2021<br>എം.ബുക്ക് നമ്പർ-- 145/21-22<br>Duration- 6 Months (As Per TS Slip) | 20.6.2022 | 14.3.2023 | 8040<br>(6% OF 133993) | 18.7.2022 ന് മുമ്പ് പൂർത്തീകരിച്ച് ബിൽ നൽകേണ്ടിയിരുന്ന പ്രവൃത്തി വൈകി പൂർത്തീകരിച്ചതിനാൽ അധികച്ചെലവുണ്ടായി. വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടുമില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/18.8.2023 നെ തുടർന്ന് അധികം നൽകിയ 8040 രൂപ തിരിച്ചടവാക്കി

(രശീതി നമ്പർ-1230102352/21.8.2023)

## 1-23 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല.

ഇ- ടെണ്ടറിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവ് തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാതെ അസി. എഞ്ചിനീയറുടെ പേരിൽ വേങ്ങര എസ്.ബി.എെ. ലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-38038684112) സൂക്ഷിച്ചിരിക്കുകയാണ്. അക്കൗണ്ടിൽ 04.7.2023 ന് 3,87,027.87 രൂപ ഈയിനത്തിൽ അവശേഷിക്കുന്നുണ്ടെന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല. ഇത്തരത്തിൽ പണം സൂക്ഷിച്ചതിനാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ടി- തുക പ്രതിഫലിച്ചിട്ടില്ല. മാത്രമല്ല കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിന് പലിശയിനത്തിൽ വരവ് നഷ്ടം വരികയും ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 18/18.8.2023 ന് മറുപടിയിൽ തുക ഉടനെത്തന്നെ ക്രഡിറ്റ് ചെയ്യുന്നതാണെന്ന് മറുപടി നൽകി.

ടെണ്ടർ ഫീയിനത്തിൽ ലഭിച്ച മുഴുവൻ തുകയും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-24 അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തനത് ഫണ്ടിൽ നിന്നുള്ള തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ലഭിക്കുന്ന ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ പണം വരവ് വരുന്നുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. തനത് ഫണ്ടിൽ നിന്നുള്ള വരവ് ചെലവുകളും ക്യാഷ് ബുക്കിൽ പ്രതിഫലിച്ചിട്ടില്ല. സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും 3,70,996 രൂപ ചെലവുണ്ട്. എന്നാൽ ടി- ചെലവുകൾ അസി. എഞ്ചിനീയറുടെ ക്യാഷ് ബുക്കിൽ എൻട്രി വന്നിട്ടില്ല. അത് കൊണ്ട് തന്നെ ക്യാഷ് ബുക്കിൽ എല്ലാ പണമിടപാടുകളും പ്രതിഫലിക്കുന്നില്ല.

2. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

ക്യാഷ് ബുക്ക് നിർദ്ദിഷ്ട രീതിയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/18.8.2023 നുള്ള മറുപടിയിൽ ജോലി ഭാരം കാരണമാണ് ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാൻ കഴിയാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ജോലി ഭാരം എന്നത് പണമിടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് ഒരിക്കലും തടസ്സമാവരുത്. സ്റ്റാഫിന്റെ കുറവുണ്ടെങ്കിൽ ഭരണ സമിതിയുടെ അംഗീകാരത്തോടെ നിത്യവേതനാടിസ്ഥാനത്തിൽ ക്ലാർക്കിനെ നിയമിക്കുന്നതിന് സർക്കാർ അനുമതിയുള്ളതാണ്.
മേലിൽ ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-25 അസി. എഞ്ചിനീയറുടെ ട്രഷറി ടി.എസ്.ബി .അക്കൗണ്ടിലെ പണം സർക്കാർ വീണ്ടെടുത്തു.

അസിസ്റ്റന്റ് എഞ്ചിനീയരുടെ പേരിൽ ട്രഷറിയിൽ സൂക്ഷിച്ച് വന്നിരുന്ന ടി.എസ്.ബി. അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-799011400002020) ബാലൻസ് ഉണ്ടായിരുന്ന 65,554 രൂപ 20.3.2023 ന് സർക്കാർ തിരിച്ച് പിടിച്ചിട്ടുണ്ട്. (ട്രഷറി ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തു .)

വർഷങ്ങളായി പണമിടപാടുകൾ നടക്കാത്ത അക്കൗണ്ടുകളിൽ നിന്നാണ് സർക്കാർ പണം പിടിച്ചെടുത്തത്. പണമിടപാടുകൾ പരിശോധിച്ചതിൽ കരാറുകാർക്ക് നൽകാൻ സെക്രട്ടറി കൈമാറുന്ന പണം കരാറുകാരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് കാലതാമസം വരികയും പണം വിതരണം ചെയ്യാതെ ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുകയും ചെയ്തതിനാലാണ് ഈ സാഹചര്യമുണ്ടായതെന്ന് കാണുന്നു. ട്രഷറി അക്കൗണ്ടിലെ പണമിടപാടുകൾ ക്യാഷ് ബുക്കിൽ എന്ട്രി വരുത്താത്തതിനാൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏതിനത്തിലുള്ളതാണെന്നതിൽ വ്യക്തതയില്ല. ഓഡിറ്റ് വർഷത്തിൽ അക്കൗണ്ടിൽ പണമിടപാടുകളൊന്നും നടന്നിട്ടില്ല.

അക്കൗണ്ട് സൂക്ഷിപ്പിലും പണമിടപാടുകൾ നടത്തുന്നതിലും വന്ന ജാഗ്രതക്കുറവ് മൂലമാണ് 65554 രൂപ ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടാനിടയായത്.

പണം നഷ്ടപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും തുക തിരികെ ലഭിക്കാൻ സ്വീകരിച്ച തുടർ നടപടി വിവരവും അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-19/18.8.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 ഭാഗികമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് മൂലം കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം വരുന്നു.

ഒരു കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ ഇനം പ്രവൃത്തികളും ഉൾപ്പെടുത്തി (ഇലക്ട്രിഫിക്കേഷൻ, സാനിറ്റേഷൻ എന്നിവക്ക് ലംപ്സമായി തുക ഉൾകൊള്ളിക്കണം) തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് അടങ്കൽ തുക നിശ്ചയിക്കേണ്ടത് എന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഫണ്ടിന്റെ ലഭ്യതക്കുറവ് ഉണ്ടെങ്കിൽ ബഹു വർഷ പ്രോജക്ടായി നടപ്പാക്കുകയാണ് വേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയ ചുവടെ ചേർത്ത കെട്ടിട നിർമ്മാണ പ്രോജക്ടുകളിൽ ആ കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് അനിവാര്യമായ മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്താതെ ഭാഗികമായ പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കിയത്. ഇക്കാരണത്താൽ തന്നെ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരികയും കെട്ടിടം ജനത്തിന് പ്രയോജനപ്പെടുത്താൻ കാലതാമസം വരികയും ചെയ്യുന്നു.

ഉദാ- ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരും വിശദാംശങ്ങളും | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1. | പി.എച്ച്.സി.യുടെ ഒന്നാം നില നിർമ്മാണവും അനുബന്ധ പ്രവൃത്തികളും (85/23)<br>അടങ്കൽ- 1500000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-500000<br>MG (NR)-1000000 | 1303019 | കെട്ടിടത്തിന്റെ സ്ട്രക്ചർ വർക്ക്, പ്ലാസ്റ്ററിംഗ് എന്നിവ മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. തുടർ പ്രവൃത്തികൾ (ഫ്ലോറിംഗ്, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ) പൂർത്തിയാക്കാത്തതിനാൽ കെട്ടിടത്തിന്റെ ഒന്നാം നില ആശുപത്രിക്ക് വേണ്ടി പ്രയോജനപ്പെടുത്താനായില്ല. |
| 2 | ബഡ്സ് സ്കൂൾ നിർമ്മാണം<br>52/23<br>അടങ്കൽ-1540652<br>പ്ലാൻ-540652<br>ബ്ലോക്ക് വിഹിതം-1000000<br>(ബഡ്സ് സ്കൂൾ നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും(209/23) എന്ന പേരിൽ 826267 രൂപ അടങ്കലിലും ബഡ്സ് സ്കൂൾ ചുറ്റുമതിൽ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും (170/23) എന്ന പേരിൽ 1 ലക്ഷം രൂപ അടങ്കലിലും പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പിലാക്കിയില്ല.) | 15,40,652 | എസ്റ്റിമേറ്റിൽ സ്ട്രക്ചർ പൂർത്തീകരിക്കാനുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തിയില്ല. കോൺക്രീറ്റ് സ്ലാബ് മാത്രമാണ് പൂർത്തീകരിച്ചത്. ചെങ്കൽ പടവ്, പ്ലാസ്റ്ററിംഗ്, ജനൽ /വാതിൽ എന്നിവയൊന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ സ്ട്രക്ചർ നിർമ്മാണം പോലും പൂർത്തീകരിക്കാനാവാതെ ബഡ്സ് സ്കൂൾ നിർമ്മാണം പാതി വഴിയിൽ മുടങ്ങിക്കിടക്കുന്നു. |

ഭാഗികമായ എസ്റ്റിമേറ്റുകൾ മൂലം കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിക്കാനാവാത്ത സാഹചര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-27 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല -6207 രൂപ തിരിച്ചടവാക്കി

കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | കോവിലപ്പാറ അങ്കണവാടി പുനരുദ്ധാരണം(88/23)<br>ടി.എസ്. 75000<br>Price ID-2021/103353<br>കരാറുകാരൻ. ശ്രീ. മുഹമ്മദ് സഫീർ . സി.കെ.<br>പി.എ.സി- 74803<br>എഗ്രിമെന്റ് നം.79/AE | 21.9.2022 | 25.2.2023 | 1696<br>[Ie, 21.9.2022 To 20.12.2022 (1%PAC)= 748<br>21.12.21 To 25.02.2023 (2% PAC)= 1242<br>21.12.2022 To 15.2.2023 (2%PAC)*57/90= |

| | | | | |
|---|---|---|---|---|
| | /LSGD/KNM/21-22 /22.3.2022<br>ബിൽ നമ്പർ- 37/27.3.2023, 67190 രൂപ<br>സൈറ്റ് എറ്റെടുത്തത്- 22.3.2022<br>എം.ബുക്ക് നമ്പർ- 144/21-22<br>Duration- 6 Months (As Per TS Slip) | | | 948 |
| 2 | ജി.എൽപി.എസ്. എടക്കാപറമ്പ് ചുറ്റുമതിൽ- രണ്ടാം ഘട്ടം (64/23)<br>അടങ്കൽ-150000<br>ടി.എസ്. 150000<br>Price ID-2022/17054<br>കരാറുകാരൻ. ശ്രീ. ഷാനാവാസ് ഇ.വി,<br>പി.എ.സി-149283<br>എഗ്രിമെന്റ് നം.76/AE /LSGD/KNM/21-22 /18.3.2022<br>ബിൽ നം. 43/28.3.2023, 138517 രൂപ<br>സൈറ്റ് ഏറ്റെടുത്തത് -18.3.2022<br>എം.ബുക്ക് നമ്പർ-- 114/21-22<br>Duration- 6 Months (As Per TS Slip) | 17.9.2022 | 17.3.2023 | 4511<br>[le, 17.09.2022 To 16.12.2022 (1%PAC)= 1492.83<br>17.12.2022 To 16.3.2023 (2% PAC) *48/90= 2985.66<br>17.3.2023 (2% PAC) * 1/92<br>=32.45 |

കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ നിന്നും ഫൈൻ ഈടാക്കാത്തതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-20/18.8.2023 നെ തുടർന്ന് 6207 രൂപ( 1696+ 4511) ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി ( രശീതി നം.1230102348/21.8.2023- 4511 രൂപ, രശീതി നം.1230102349/21.8.2023- 1696രൂപ)

### 1-28 എം.സി.എഫ്. നിർമ്മാണം പാതി വഴിയിൽ- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 20-21 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻററിന്റെ (എം.സി.എഫ്.) നിർമ്മാണം വർഷങ്ങൾ പിന്നിട്ടിട്ടും പാതി വഴിയിൽ നിൽക്കുകയാണ്. 2021-22 വർഷത്തിൽ 4 പ്രോജക്ടുകളിലായി 29,70,956 വിവിധ പ്രവൃത്തികൾക്ക് വകയിരുത്തുകയും 29,00,888 രൂപ ചുറ്റുമതിൽ, സൈറ്റ് ലവൽ ചെയ്യൽ, കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി ചെലവഴിക്കുകയും ചെയ്തു. 2022-23 വർഷത്തിൽ 2 പ്രോജക്ടുകളിലായി 8,75,618 രൂപ എം.സി.ഫ് പൂർത്തീകരണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി ചെലവഴിച്ചു.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | എം.സി.എഫ്. കെട്ടിട പൂർത്തീകരണം<br>പ്രോജക്ട് നമ്പർ-22/23 (CFC) | 25,97,244 | 0 |
| 2 | എം.സി.എഫ്. ചുറ്റുമതിൽ (രണ്ടാം ഘട്ടം)<br>പ്രോജക്ട് നമ്പർ-67/23 (CFC) | 174896 | 168063 |
| 3 | എം.സി.എഫ്. കെട്ടിട പൂർത്തീകരണവും അനുബന്ധ പ്രവൃത്തികളും | 707555 | 707555 |

| | | | |
|---|---|---|---|
| | പ്രോജക്റ്റ് നമ്പർ-79/23(ശുചിത്വ മിഷൻ വിഹിതം) | | |
| | ആകെ | | 8,75,618 |

എം.സി.എഫിന്റെ ഓഫീസ് പ്രവർത്തനത്തിനുള്ള കെട്ടിടം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ജൈവ/അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഷെഡ് ഒരുക്കിയിട്ടില്ല. നിലവിൽ പൂർത്തീകരിച്ച കെട്ടിടത്തിൽ ടൈൽ വിരിക്കുകയും മറ്റ് സാനിറ്ററി ഉപകരണങ്ങൾ (വാട്ടർ ടാങ്ക്, വാഷ്ബേസിൻ, വാട്ടർ ടാപ്പുകൾ, എന്നിവ) ഫിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എം.സി.എഫ് നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണ പ്രവൃത്തികൾ പാതി വഴിയിൽ നിൽക്കുകയാണ്. സൈറ്റിലെ അവസ്ഥ വെച്ച് എം.സി.എഫ്. പ്രവർത്തനക്ഷമമാക്കുന്നതിന് ഇനിയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. വെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. കളക്ഷൻ ഷെഡ് നിർമ്മിക്കുന്നതിനും സൈറ്റ് ലവൽ ചെയ്യുന്നതിനും കരിങ്കൽ കെട്ട് പൂർത്തിയാക്കുന്നതിനും വൻ തുക ഇനിയും ചെലവഴിക്കേണ്ട അവസ്ഥയാണുള്ളതെന്ന് 17.8.2023 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു .

എം.സി.എഫ് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിന് ഇച്ഛാശക്തിയോടെയുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ടേക്ക്.എ. ബ്രേക്ക് ടോയ്‌ലറ്റ്- പൊതു ജനത്തിന് പ്രയോജനപ്പെടുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്ത് സ്റ്റേഡിയത്തിൽ ടേക്ക്.എ. ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 2021-22 വർഷത്തിൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 550739 രൂപ ചെലവഴിച്ചിരുന്നു. (പ്രോജക്റ്റ് നമ്പർ-165/22). 2022-23 വർഷത്തിൽ ഇവയുടെ പൂർത്തീകരണത്തിനായി 241537 രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്. (പ്രോജക്റ്റ് നമ്പർ-233/23). മൊത്തം 7,92,276 രൂപ ടോയ്‌ലറ്റ് കോംപ്ലക്സിനായി ചെലവഴിച്ചു. എന്നാൽ ഓഡിറ്റ് ടീം 17.08.2023 ന് സ്ഥല പരിശോധന നടത്തിയതിൽ ടോയ്‌ലറ്റിൽ ജലം, വൈദ്യുതി എന്നിവ ലഭ്യമായിട്ടില്ലെന്ന് ബോധ്യപ്പെട്ടു. വെള്ളം ലഭ്യമല്ലാത്തതിനാൽ ടോയ്‌ലറ്റ് പൊതു ജനത്തിന് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. വൃത്തിഹീനമായ അവസ്ഥയിലാണ് ടോയ്‌ലറ്റ് കാണപ്പെട്ടത്. പഞ്ചായത്ത് സ്റ്റേഡിയത്തിൽ നിർമ്മാണം പൂർത്തീകരിച്ച ടർഫിൽ ഫുട്ബാൾ കളികൾ സംഘടിപ്പിക്കുന്നതിനാൽ വളരെയധികം ആളുകൾ ഗ്രൗണ്ടിൽ ദിനേന വരുന്നുണ്ട്. അവർക്ക് പ്രാഥമികാവശ്യത്തിന് മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ടോയ്‌ലറ്റ് ഉപയോഗപ്പെടുത്താനാവാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ജല ലഭ്യത അടിയന്തിരമായി ഉറപ്പ് വരുത്തേണ്ടതുണ്ട്.

ടോയ്‌ലറ്റിൽ വെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങൾ ഉറപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സ്കോളർഷിപ്പ് അധികം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (246/23) എന്ന പദ്ധതിക്കായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് .

| ബിൽനമ്പർ | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|
| 147/01.12.2022 | 15,85,000 | വികസന ഫണ്ട് (എസ്.സി.പി) |
| 148/01.12.2022 | 2,95,000 | വികസന ഫണ്ട് (ജനറൽ) |
| 259/15.3.2023 | 1,05,000 | വികസന ഫണ്ട് (എസ്.സി.പി) |
| ആകെ | 19,85,000 | |

എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിദ്യാർത്ഥിക്ക് രണ്ട് തവണ സ്കോളർഷിപ്പ് വിതരണം ചെയ്തതായി കാണുന്നു.

| പേര് | കോഴ്സ് | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|---|
| വൈഷണവ് .പി S/o.സുബ്രഹ്മണ്യൻ അക്കൗണ്ട്നമ്പർ. 40248101042535 | ITI നിലമ്പൂർ | 40,000 (20,000/- ബിൽ-147/01.12.2022 +20,000/- ബിൽ –148/01.12.2022) | 20,000 (സ.ഉ നമ്പർ.115/22 /LSGD/28.5.22 ഖണ്ഡിക.7.2.4) | 20,000 |
| | | | ആകെ | 20,000 |

അധിക തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.13/17.8.23 ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരിച്ചടവാക്കുന്നതാണ് എന്ന് അറിയിച്ചു. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 43/23 തീണ്ടക്കാട് എസ്.സി-ശ്മശാന നവീകരണം | 300000 | 0 |
| | 451385 | 92/23-കിളിനക്കോട് തടത്തിപ്പാറ അംഗനവാടി മെയിന്റനൻസ് | 451385 | 0 |
| | 1601000 | 104/23-ലൈഫ് ഭവന പദ്ധതി-എസ്.സി | 1601000 | 0 |
| | 386000 | 99/23-ലൈഫ് ഭവന പദ്ധതി-ജനറൽ | 386000 | 0 |
| | 690000 | 119/23-ശാരീരിക മാനസിക വെല്ലുവിളി -സ്കോളർഷിപ്പ് | 690000 | 0 |
| | 1000000 | 52/23-ബഡ്സ് സ്കൂൾ നിർമ്മാണം | 1000000 | 0 |
| | 100000 | 93/23 -മേമാട്ടുപാറ അംഗനവാടിക്ക് മുകളിൽ ഹാൾ നിർമ്മാണം | 100000 | 0 |
| | 344878 | 63/23-മുതുവിൽക്കുണ്ട് ഐ.പി.പി സെന്റർ സംരക്ഷണഭിത്തി നിർമ്മാണം. | 344878 | 0 |
| | 303019 | 85/23-പി.എച്ച്.സി കെട്ടിട നിർമ്മാണം . | 303019 | 0 |
| ജില്ലാ പഞ്ചായത്ത് | 1120000 | 104/23 ലൈഫ് ഭവന പദ്ധതി -എസ്.സി | 1120000 | 0 |
| | 380000 | 99/23 ലൈഫ് ഭവന പദ്ധതി ജനറൽ | 380000 | 0 |
| | 230000 | 119/23 -ശാരീരിക മാനസിക വെല്ലുവിളി -സ്കോളർഷിപ്പ് | 230000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ.

| | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ ബിൽ/ ചെക്ക് നം, തീയ്യതി | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| 1. | ഭൂഗർഭജല വകുപ്പ് | ടേക്ക് എ ബ്രേക്ക് 98/23 | 222000605/14.10.22 | 128293 | 0 | ഇല്ല | 128293 |
| 2. | KELTRON | പഞ്ചായത്ത് ഓഫീസിലേക്ക് HP പ്രിന്റർ, കമ്പ്യൂട്ടർ എന്നിവ വാങ്ങൽ പ്രാജക്ട് നം.111/23 | 222006951/04-01-2023 | 77517 | | പൂർത്തീകരിച്ചു | 0 |
| | | | ആകെ | 205810 | 0 | | 128293 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ലഭ്യമല്ല | 6738686 | 152992 | 2153667 | 0 | 4738011 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ എ.എഫ്.എസ്. പ്രകാരം 6375/- രൂപയാണ് വരവുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആൾ | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2021-22 | 1-21 | 1375 | കൃഷി ഓഫീസർ | 1220108564 തി.21.02.2023 |
| 2021-22 | 1-17 | 5000 | അസിസ്റ്റന്റ് സെക്രട്ടറി | 1220104080 തി.15.11.2022 |

കുറിപ്പ്:-
വാർഷിക കണക്ക് പ്രകാരം 1375/-രൂപ മാത്രമാണ് വരവുള്ളത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2007-08 | --- | ഡെപ്പോസിറ്റ് വർക്ക് ബാക്കി തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2015-16 | --- | അക്കൗണ്ടിംഗ് സമ്പ്രദായം | നടപടി തുടരുന്നു |
| 2014-15 | --- | 2016-17 | 2(1) | തൊഴിൽ നികുതി അപാകങ്ങൾ | നടപടി തുടരുന്നു |
| | | | 2(2) | വസ്തുനികുതി ഈടാക്കിയതിൽ 10698/- രൂപയുടെ കുറവ്. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 234863276 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 221405336 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 20,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,68,293 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 20,000 | ശ്രീ. ഭാസ്കരൻ പുളിക്കാനി , അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 20,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 16,00,000 | ശ്രീ.മുഹമ്മദ്.ഒ,ഹെഡ് മാസ്റ്റർ |
| 1-16 | 128293 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| 1-17 | 40000 | ശ്രീ. രമേഷ് പി , സെക്രട്ടറി |
| ആകെ | 17,68,293 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഭാസ്കരൻ പുളിക്കാനി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് | മലയിൽതൊടി,<br>കൊണ്ടോട്ടി,<br>പഴയങ്ങാടി പി.ഒ<br>മലപ്പുറം<br>പിൻ.673638 |
| ശ്രീ. രമേഷ് പി , സെക്രട്ടറി | സെക്രട്ടറി<br>കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് | രാജേന്ദ്ര ഭവൻ,<br>പെരുവള്ളൂർ,പി.ഒ<br>മലപ്പുറം<br>പിൻ-676338 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം.14/1036/18<br>തിയ്യതി 14.06.2018 | 1 |
| 2005-06 | എൽ എഫ് എം 14/2562/2011<br>തിയ്യതി 24.02.2010 | 12 |
| 2006-07 | എൽ എഫ് എം 14/668/10<br>തിയ്യതി 23.05.2011 | 25 |
| 2007-08 | എൽ എഫ് എം 14/1021/2011<br>തിയ്യതി 19.11.2011 | 12 |

| | | |
|---|---|---|
| 2008-09 To 2010-11 | എൽ എഫ് എം 14/195/2013 തിയ്യതി 01.06.2013 | 27 |
| 2011-12, 2012-13 | കെ എസ് എ എം പി എം 14/3096/15 തിയ്യതി 04.07.2018 | 19 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.14/2140/16 തിയ്യതി 03.06.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പിഎം.14/3000/16 തീയതി 06.02.2018 | 3 |
| 2016-17 | കെ.എസ്.എ.എം.പിഎം.14/1785/17 തീയതി 22.06.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പിഎം.14/222/19 തീയതി 01.06.2019 | 19 |
| 2019-20 | കെ.എസ്.എ.എം.പിഎം.14/2557/19 തീയതി 14.11.2019 | 16 |
| 2020-21 | കെ.എസ്.എ.എം.പിഎം.14/1627/21 തീയതി, 3-11-21 | 16 |
| 2021-22 | കെ.എസ്.എ.എം.പിഎം.14/2579/22 തീയതി, 02-12-22 | 24 |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 12-07-2023 and submitted on 04-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kannamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Kannamangalam Grama Panchayat for the year 2022-2023

Date: 06/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Kannamangalam Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. Asset Register is not upto date and hence not reliable for audit
3. Calculated Worksheet of Depreciation of Fixed Assets is not produced for verification.
4. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
5. Advance to Implementing Agencies (Deposit with K.S.E.B) is wrongly accounted in schedule B-18 of Balance Sheet.
6. Opening balance of the present AFS donot match with closing balance of the privious AFS
7. Audit Recovery Registeris not match with AFS
8. Grant statement,ACR,AFS are not mached

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്